Draft #3 of File 53312/AD A4-2/2020/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 16-Nov-2020 11:34 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - പരീക്ഷാ ഫലങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാല ക്യാമ്പസ്സിലുള്ള വിവിധ സ്കൂളുകൾ / സെന്ററുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ താത്കാലിക സ്ഥലംമാറ്റം ദീർഘിപ്പിച്ചു കൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 5419/AD A 4/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 16.11.2020

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം.5273/AD A4/2020/എം.ജി.യു, തീയതി 09.11.2020.
2. ബഹു. വൈസ് ചാൻസലറുടെ 13.11.2020 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

പരീക്ഷാ ഫലങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി സർവ്വകലാശാല ക്യാമ്പസ്സിലുള്ള വിവിധ സ്കൂളുകൾ /സെന്ററുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റുമാരെ പരീക്ഷാ വിഭാഗത്തിലേക്ക് താത് കാലികമായി സ്ഥലംമാറ്റിയത് 30.11.2020 വരെയോ പഠന വകുപ്പുകളിൽ റഗുലർ ക്ലാസ്സുകൾ ആരംഭിക്കുന്നത് വരെയോ (ഏതാണ് ആദ്യം എന്ന വ്യവസ്ഥയിൽ) തുടരാൻ അനുവദിച്ച് പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പഠന വകുപ്പുകളിൽ അഡ്മിഷൻ / അനുബന്ധ ജോലികൾ നടക്കുന്നത് പരിഗണിച്ച് മേൽ സൂചിപ്പിച്ച പരാമർശം (1) ഉത്തരവ് റദ്ദാക്കി വൈസ് ചാൻസലർ പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

പരീക്ഷാ വിഭാഗത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ സേവനം സംബന്ധിച്ച് പരീക്ഷാ വിഭാഗത്തിൽ തന്നെ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

തദനുസരണം പരാമർശം (1) സർവ്വകലാശാല ഉത്തരവ് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസലർ/ പ്രോ - വൈസ് ചാൻസലർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
4. എ.ആർ /ഡി.ആർ/ജെ.ആർ (ഭരണ വിഭാഗം/പരീക്ഷാ വിഭാഗം/ ഫിനാൻസ് വിഭാഗം)
5. പൂൾ ഓഫീസർമാർ
6. എഡി.സി 2/ഓഡിറ്റ് 2/3/ഫിനാൻസ് 1/2/എഫ്.സി.സി/സിറ്റാഡ്
7. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
8. പി.ആർ.ഒ/സി.എം.എസ്/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ഐ.ക്യൂ.എ.സി
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം